ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിന് ഫോട്ടോ കോപ്പിയർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പിലേക്കായി 10 ജീപ്പുകൾ, സിഗ്നൽ ലൈറ്റ്, ബാറ്റൺ, റെയിൻകോട്ട്, ലാത്തികൾ, ഡിജിറ്റൽ ക്യാമറകൾ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഫീൽഡ് യൂണിറ്റുകളിലെ അസി. എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ എന്നീ റാങ്കുകൾ വരെയുള്ള ഉദ്യോഗസ്ഥർക്ക് സിം കാർഡ് കണക്ഷൻ നൽകാൻ ഭരണാനുമതി നൽകിയിട്ടുള്ളതും ആയത് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

എക്സൈസ് വകുപ്പിലെ ഓഫീസുകളിൽ 96 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതും ആയതിന് ഇ-ടെണ്ടറിംഗ് നടപടികൾ പൂർത്തീകരിച്ചു വരുന്നതുമാണ്. വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനും ഇ.സി.ആർ.ബി.-യുടെ സുഗമമായ പ്രവർത്തനത്തിന് കേസുകളുടെയും കുറ്റവാളികളുടെയും വിവരം ശേഖരിക്കുന്നതിനാവശ്യമായ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുകയുമാണ്.

അബ്കാരി/എൻ.ഡി.പി.എസ്. കേസുകളുടെ സ്ഥിതിവിവര കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും കുറ്റവാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. മദ്യത്തിന്റെയും മയക്ക് മരുന്നിന്റെയും ഉപയോഗത്തിനെതിരെ ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കുന്നതിന് ജോയിന്റ് എക്സൈസ് കമ്മീഷണർ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഒരു പ്രത്യേക വിഭാഗം ആരംഭിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എരുമേലി റേഞ്ച് രൂപീകരിച്ചതും അട്ടപ്പാടി ആദിവാസി മേഖലയിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം നിയന്ത്രിക്കുന്നതിനായും എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമാക്കുന്നതിനും ഒരു സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ വകുപ്പിലുണ്ടായിരുന്ന 110 എണ്ണം 0.32 പിസ്റ്റളുകൾക്ക് 26000 എണ്ണം വെടിയുണ്ടകൾ പൂനയിലെ അമ്യൂണിഷൻ ഫാക്ടറിയിൽ നിന്നും ആകെ 8,53,122 രൂപ അനുവദിച്ച് വാങ്ങുകയുണ്ടായി.

കഞ്ചാവ് വിൽപ്പനയുമായി ബന്ധപ്പെട്ട കേസുകൾ

121 (1988) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 വർഷത്തിൽ ഇതേവരെ കഞ്ചാവ് വില്പനയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിലെ പ്രതികളിൽ നിന്നും എത്ര കിലോ കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട്;

(സി) ഇതിന്റെ വില്പന ഫലപ്രദമായി തടയുന്നതിന് എക്സൈസ് വകുപ്പ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014 വർഷത്തിൽ നവംബർ 30 വരെ എക്സൈസ് വകുപ്പിൽ കഞ്ചാവ് വില്പനയുമായി ബന്ധപ്പെട്ട് 864 എൻ.ഡി.പി.എസ്. കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2014 വർഷത്തിൽ നവംബർ 30 വരെ എക്സൈസ് വകുപ്പിൽ കഞ്ചാവ് വില്പനയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളിലായി 748 കിലോഗ്രാം കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട്.

(സി) കഞ്ചാവിന്റെയും മറ്റുന്ന് രൂപത്തിലുള്ള മറ്റ് ലഹരി വസ്തുക്കളുടെയും വിൽപ്പന തടയുന്നതിന് റെയ്ഡുകളും വാഹന പരിശോധനയും കർശനമാക്കുകയും രഹസ്യാന്വേഷണ വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കുകയും കേസുകൾ കണ്ടെടുക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കഞ്ചാവിന്റെയും മറ്റ് നിരോധിത ലഹരി വസ്തുക്കളുടെയും കടത്ത്, വില്പന എന്നിവ തടയുന്നതിന് സംസ്ഥാന അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ വാഹന പരിശോധനയും പട്രോളിങ്ങും നടത്തിവരുന്നു. ചെക്ക്പോസ്റ്റുകളിലൂടെ കടന്നുപോകുന്ന എല്ലാ വാഹനങ്ങളും കർശന പരിശോധനയ്ക്ക് വിധേയമാക്കി വരുന്നുണ്ട്. കൂടാതെ റെയിൽവേ സ്റ്റേഷൻ, പാർസൽ സർവ്വീസ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിരന്തരം നിരീക്ഷണം നടത്തി വരുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും അന്യ സംസ്ഥാന തൊഴിലാളികൾ മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതും കടത്തിക്കൊണ്ടുവരുന്നതും തടയുന്നതിനുവേണ്ടി ടി ആളുകൾ താമസിക്കുന്ന സ്ഥലങ്ങളിലും ജോലിചെയ്യുന്ന പ്രദേശങ്ങളിലും അന്വേഷണങ്ങളും രഹസ്യ നിരീക്ഷണങ്ങളും നടത്തിവരുന്നു. സമൂഹത്തിൽ പ്രത്യേകിച്ച് സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് സന്നദ്ധ സംഘടനകൾ വഴിയും, സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം

122 (1989) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പാലോട് രവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly